ഫയൽ നം : എം ഐ ടി2/25/2020-ടി സി തിയതി : **09-04-2025**

ട്രാൻസ്പോർട്ട് കമ്മീഷണറേറ്റ്, രണ്ടാം നില, ട്രാൻസ് ടവേഴ്സ്,
വഴുതക്കാട്, തൈക്കാട് പി.ഒ, തിരുവനന്തപുരം - 695 014
ഇ-മെയിൽ: tcoffice.mvd@kerala.gov.in|വെബ്: www.mvd.kerala.gov.in|☎ 0471-2333317

**സർക്കുലർ നം 11/2025**

വിഷയം :- മോട്ടോർ വാഹന വകുപ്പ് - ബി എസ് എൻ എൽ സി യു ജി മൊബൈൽ സിം കണക്ഷനുകൾ ഉപയോഗിക്കുന്നതിന്റെ മാർഗനിർദേശങ്ങൾ - സംബന്ധിച്ച്

പരാമർശം :- (1.) ജി. ഓ. (എം. എസ്.) നമ്പർ 144/2011/ട്രാൻസ് , തീയതി 26/03/2011
(2.) ജി. ഓ. (ആർ ടി) നമ്പർ 409/2020/ട്രാൻസ് , തീയതി 07/12/2020
(3.) ജി. ഓ. (ആർ ടി) നമ്പർ 25/2021/ട്രാൻസ് , തീയതി 17/01/2021
(4.) സർക്കുലർ നമ്പർ 05/2021, തീയതി 24/02/2021 ( ഫയൽ നമ്പർ എം ഐ ടി2/25/2020-ടി സി)
(5.) ജി. ഓ. (ആർ ടി) നമ്പർ 315/2024/ട്രാൻസ്, തീയതി 16/08/2024

മോട്ടോർ വാഹന വകുപ്പിലെ ഉദ്യോഗസ്ഥർക്ക് ഔദ്യോഗിക ആവശ്യത്തിന് പരസ്പരം ബന്ധപ്പെടുന്നതിനും , മേലധികാരികളുടെ നിർദേശങ്ങൾ വേഗതയിലും കാര്യക്ഷമമായി നടപ്പിലാക്കുന്നതിനും , പൊതുജനങ്ങൾക്ക് വകുപ്പിന്റെ സേവനങ്ങൾ , നയങ്ങൾ എന്നിവ സംബന്ധിച്ച് വിവരങ്ങൾ നൽകുന്നതിനും , പരാതികൾ സ്വീകരിച്ച് പരിഹാരം കാണുന്നതിനുമായി പരാമർശം (1) പ്രകാരം സി യു ജി മൊബൈൽ കണക്ഷൻ സേവന ദാതാവായി ബി എസ് എൻ എൽ നെ തെരെഞ്ഞെടുത്തു കൊണ്ട് സർക്കാർ അനുമതി ലഭിച്ചിരുന്നു.

പരാമർശം (2) & (3) പ്രകാരം നിലവിലുള്ള സി യു ജി മൊബൈൽ കണക്ഷന് ബി എസ് എൻ എൽ മായിട്ടുള്ള കരാർ 3 വർഷത്തേക്ക് കാലാവധി നീട്ടിക്കൊണ്ട് സർക്കാർ ഉത്തരവ് ലഭിച്ചിട്ടുണ്ട്.

പരാമർശം (5) പ്രകാരം, നിലവിലുള്ള ക്ലോസ്ഡ് യൂസർ ഗ്രൂപ്പ് (CUG) മൊബൈൽ കണക്ഷൻ 01/02/2024 മുതൽ 31/01/2027 വരെ മോട്ടോർ വാഹന വകുപ്പിലെ ഉദ്യോഗസ്ഥരുടെ ഉപയോഗത്തിനായി 3 വർഷത്തേക്ക് കൂടി നീട്ടുന്നതിന് BSNL-മായി ഒരു കരാറിൽ ഏർപ്പെടാൻ സർക്കാർ ഭരണാനുമതി നൽകിയിട്ടുണ്ട്.

ബി എസ് എൻ എൽ ന്റെ ക്ലോസ്ഡ് യൂസർ ഗ്രൂപ്പ് (സി യു ജി ) മൊബൈൽ കണക്ഷൻ സിം ഉപയോഗം സംബന്ധിച്ച് വിവിധ വിഭാഗങ്ങളിലെ ഉദ്യോഗസ്ഥരുടെ ചുമതലകളും ഉത്തരവാദിത്വങ്ങളും , മാർഗ്ഗനിർദ്ദേശങ്ങളും ചുവടെ ചേർക്കുന്നു.

1. നിലവിൽ CUG SIM കൈവശം ഉള്ള ഉദ്യോഗസ്ഥൻ മറ്റൊരു ജില്ലയിലേക്ക് Transfer / Retirement , Working Arrangement / Deputation ആയി പോകുമ്പോൾ ടി SIM Card അതാത് ഓഫീസിൽ തിരികെ ഏൽപ്പിക്കേണ്ടതാണ്. അവർക്ക് പകരം വരുന്ന ഉദ്യോഗസ്ഥർക്ക് SIM Card രേഖാമൂലം കൈമാറ്റം ചെയ്യേണ്ടതാണ്.
2. എല്ലാ ഓഫീസുകളിലും CUG SIM വിതരണം ചെയ്യുന്ന രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്. ആയതു സ്റ്റോർ ചുമതലയുള്ള സൂപ്രണ്ട് / ഉദ്യോഗസ്ഥൻ, പുതുതായി

ച്ചുമതല ഏൽക്കുന്ന ഉദ്യോഗസ്ഥനെ ഏല്പിക്കുവാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

3. ഒരു ജീവനക്കാരന് Transfer/ Promotion/ Retirement/ Suspension/ Deputation/ Working Arrangement / Long leave ആയി പോകുകയാണെങ്കിൽ CUG SIM അവരിൽ നിന്നും തിരികെ വാങ്ങി സൂക്ഷിക്കേണ്ടതും ആയത് കൃത്യമായും ബന്ധപ്പെട്ട രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതും ആയതിനു ശേഷം അവ അതാത് യൂണിറ്റ് മേധാവിമാരുടെ ഓഫീസിൽ രേഖാമൂലം തിരികെ ഏൽപ്പിക്കേണ്ടതും ആണ്.

4. പെൻഷൻ പറ്റി പോകുന്ന ജീവനക്കാർക്ക് പെൻഷൻ ആനുകൂല്യം നൽകുന്നതിനു മുൻപ് CUG SIM തിരികെ Department ൽ ഏൽപ്പിച്ചിട്ടുണ്ടോ എന്ന് പെൻഷൻ സെക്ഷൻ ക്ലാർക്ക് ഉറപ്പുവരുത്തേണ്ടതാണ്. ആയതിന്റെ liability റിപ്പോർട്ട് കൂടെ വാങ്ങേണ്ടതാണ്.

5. എല്ലാ മാസവും ഒരു നിശ്ചിത തുക അടച്ചാണ് എല്ലാവർക്കും SIM Card നൽകുന്നത്. ആയതിനാൽ CUG SIM എല്ലാവരും നിർബന്ധമായും ഉപയോഗിക്കേണ്ടതാണ്. അല്ലാത്തപക്ഷം ഇനിമുതൽ ടി SIM അനുവദിച്ച് ആരുടെ പക്കലാണോ ഉപയോഗിക്കാതെ ഇരിക്കുന്നത് അവരിൽ നിന്നും ഉപയോഗിക്കാതെ ഇരുന്ന സമയം മുതൽ ഉള്ള വാടക വസൂലാക്കുന്നതാണ്.

6. വകുപ്പിലെ പി ആർ ഓ മാർക്ക് നൽകിയിട്ടുള്ള CUG SIM ഉപയോഗിക്കുന്നവർ ഒരു ഓഫീസിൽ നിന്നും മറ്റൊരു ഓഫീസിലേക്ക് Transfer / Promotion / Deputation / സെക്ഷനിൽ നിന്നും മാറി പോകുമ്പോൾ ആയത് അവർക്ക് പകരം ടി സീറ്റിൽ വരുന്നവർക്ക് രേഖാമൂലം കൈമാറ്റം ചെയ്യേണ്ടതാണ്.

7. ജീവനക്കാർക്ക് നൽകിയിട്ടുള്ള CUG SIM കൾ നൽകിയിട്ടുള്ളത് വ്യക്തികൾക്കല്ല. ആയത് നിലവിൽ അവരവർ ജോലി നോക്കുന്ന അതാത് സീറ്റുകൾക്കാണ്. ആയതിനാൽ JTC, DTC, RTO, JRTO , Sr.A.O/ Sr.F.O / Sr. L.O/ S.O, MVI, AMVI, SS, JS , Head Clerk / P R O മറ്റ് ഉദ്യോഗസ്ഥന്മാർ അവർക്ക് പകരം ടി സീറ്റിൽ വരുന്നവർക്ക് രേഖാമൂലം കൈമാറ്റം ചെയ്യേണ്ടതാണ്.

8. CUG SIM നഷ്ടപെട്ടാൽ ടി വിവരം രേഖാമൂലം തൊട്ട് അടുത്തുള്ള പോലീസ് സ്റ്റേഷനിൽ അറിയിച്ച് ആയത് നഷ്ടപ്പെട്ടു എന്നുള്ള സർട്ടിഫിക്കറ്റോടു കൂടി യൂണിറ്റ് മേധാവികളെ രേഖാമൂലം അറിയിക്കേണ്ടതാണ്. ആയതിന് ശേഷം മാത്രമേ നഷ്ടപെട്ട SIM Card മാറ്റി നൽകാവൂ.

9. CUG SIM അനുവദിച്ചിട്ടും ജീവനക്കാർ വാങ്ങാതിരിക്കുകയും, CUG SIM വാങ്ങിയിട്ടും CUG SIM ഉപയോഗിക്കാതെ കൈവശം വയ്ക്കുന്ന പ്രവണതയാണ് സാധാരണയായി കണ്ടു വരുന്നത്. ആയത് ഇനി മുതൽ ഒരു കാരണവശാലും അനുവദിക്കുന്നതല്ല. CUG SIM എപ്പോഴും ഓഫീസ് ആവശ്യത്തിനായി ഉപയോഗിക്കേണ്ടതാണ്. അല്ലാത്തപക്ഷം ടി

ജീവനക്കാർക്കെതിരെ വകുപ്പ് തല അച്ചടക്ക നടപടി സ്വീകരിക്കുന്നതായിരിക്കും.

10. ഉദ്യോഗസ്ഥർക്ക് ബി എസ് എൻ എൽ , സി യു ജി സിം ഉപയോഗിക്കുന്നത് സംബന്ധിച്ച പരാമർശം (4) പ്രകാരം പുറപ്പെട്ടുവിച്ചിട്ടുള്ള സർക്കുലർ ഇതിനാൽ റദ്ദ് ചെയ്യുന്നു.

മേൽ പറഞ്ഞ കാര്യങ്ങൾ കൃത്യമായും പാലിക്കുന്നുണ്ടോ എന്ന് എല്ലാ ഓഫീസ് മേധാവികളും ഉറപ്പ് വരുത്തേണ്ടതാണ്.

വിശ്വസ്തതയോടെ,

Signed by
Chakilam Nagaraju
Date: 09-04-2025 19:55:54

NAGARAJU CHAKILAM IPS
TRANSPORT COMMISSIONER

പകർപ്പ്:

1 ട്രാൻസ്പോർട്ട് കമ്മീഷണർ / ജോയിന്റ് ട്രാൻസ്പോർട്ട് കമ്മീഷണർ / ജോയിന്റ് ട്രാൻസ്പോർട്ട് കമ്മീഷണർ (എൻഫോഴ്സ്മെന്റ്) / സീനിയർ ഡി. റ്റി. സി. (ടാക്സ്) / സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ / സീനിയർ ഫിനാൻസ് ഓഫീസർ / സീനിയർ ലോ ഓഫീസർ എന്നിവരുടെ സി എ മാർക്ക്.

2 സ്റ്റാറ്റിസ്റ്റിക്കൽ ഓഫീസർ / അസ്സിസ്റ്റന്റ് ട്രാൻസ്പോർട്ട് കമ്മീഷണർ / അക്കൗണ്ട്സ് ഓഫീസർ / അക്കൗണ്ട്സ് ഓഫീസർ (ഓഡിറ്റ്).

3 എല്ലാ ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർമാർക്കും / റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാർക്കും / ജോയിന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാർക്കും. / മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർമാർക്കും - ചെക്ക്പോസ്റ്റിന്റെ ചുമതലയുള്ള (തുടർ നടപടികൾക്കായി).

4 നോഡൽ ഓഫീസർ (വെബ് സൈറ്റ്) / എസ്. എസ് ജി സെൽ / എം. ഐ. ടി 2സെക്ഷൻ (ഡിപ്പാർട്ട്മെന്റ് വെബ് സൈറ്റിൽ www.mvd.kerala.gov.in പ്രസിദ്ധീകരിക്കുന്നതിനായി)

| മോട്ടോർ വാഹന വകുപ്പ്, കേരളം |
|---|